**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **25-06-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം കമ്മീഷണർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലെ ദേവസ്വം ജീവനക്കാർക്കുള്ള മെസ്, തീർത്ഥാടകർക്കുള്ള അന്നദാനം എന്നിവയുമായി ബന്ധപ്പെട്ട തട്ടിപ്പിൽ ദേവസ്വം കമ്മീഷണറുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കമ്മീഷണർ വിജിലൻസ് കേസിലെ പ്രതിയാണോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ നിലയ്ക്കൽ ദേവസ്വത്തിലെ അന്നദാനവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിലെ കുറ്റം ചുമത്തപ്പെട്ട വ്യക്തിയാണ്. വിജിലൻസ് കേസിൽ അറസ്റ്റ് ഒഴിവാക്കാൻ ബഹു.മാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിൻ പ്രകാരം ടിയാൻ മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്. ദേവസ്വം സ്പെഷ്യൽ റൂൾ പ്രകാരം ദേവസ്വം കമ്മീഷണർ തസ്തികയിൽ സ്ഥിര നിയമനത്തിന് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണ്. ടി ഉദ്യോഗസ്ഥന് പ്രസ്തുത തസ്തികയിൽ താല്ക്കാലിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. ടി തസ്തികയിലേക്കുള്ള സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥൻ വിജിലൻസ് കേസിൽ അറസ്റ്റ് ഒഴിവാക്കുവാൻ ഹൈക്കോടതിയുടെ മുൻകൂർ ജാമ്യം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ നിലയ്ക്കൽ ദേവസ്വത്തിലെ അന്നദാനവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിലെ കുറ്റം ചുമത്തപ്പെട്ട വ്യക്തിയാണ്. വിജിലൻസ് കേസിൽ അറസ്റ്റ് ഒഴിവാക്കാൻ ബഹു.മാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിൻ പ്രകാരം ടിയാൻ മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്. ദേവസ്വം സ്പെഷ്യൽ റൂൾ പ്രകാരം ദേവസ്വം കമ്മീഷണർ തസ്തികയിൽ സ്ഥിര നിയമനത്തിന് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണ്. ടി ഉദ്യോഗസ്ഥന് പ്രസ്തുത തസ്തികയിൽ താല്ക്കാലിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. ടി തസ്തികയിലേക്കുള്ള സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ദേവസ്വം സ്പെഷ്യൽ റൂളിൽ ദേവസ്വം കമ്മീഷണർ തസ്തികയ്ക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണെന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ? | (സി) | ആവശ്യമാണ് |

സെക്ഷൻ ഓഫീസർ